# ത്വമേവ ജനനീ ഭവ

**(എട്ടാം ക്ലാസിലെ കേരളപാഠാവലി സംസ്കൃതം പാഠപുസ്തകത്തിലെ ആറാമത്തെ പാഠഭാഗം)**

## വിവർത്തനവും വ്യാഖ്യാനവും


## ഹരിപ്രസാദ്,വി.ടി.കടമ്പൂര്

hariprasadvtkadamboor@gmail.com


### സംസ്കൃതം മൂലം

(നേപഥ്യേ ) ഉത്സരത ആര്യാഃ! ഉത്സരത!

(തതഃ പ്രവിശതി ധൃതരാഷ്ട്രോ ഗാന്ധാരീ ദുർജയശ്ച)

ധൃതരാഷ്ട്രഃ - പുത്ര! ക്വാസി?

ഗാന്ധാരീ - [1]പുത്രക! ക്വാസി?

ധൃതരാഷ്ട്രഃ - ഭോ! കഷ്ടം! അദ്യ ആഹവേ മമ സുതഃ വഞ്ചനാഹതഃ ഇതി ശ്രുത്വാ അന്തർഗതാസ്രഃ[2] മാം അന്ധം അന്ധതരം കുർവന്തി. ഗാന്ധാരി! കിം ധരസേ?

---

### മലയാള വിവർത്തനവും വ്യാഖ്യാനവും

(അണിയറയിൽ) ശ്രേഷ്ഠന്മാരെ! മാറിനില്ക്കൂ..മാറിനില്ക്കൂ..

(അനന്തരം ധൃതരാഷ്ട്രരും ഗാന്ധാരിയും ദുർജയനും പ്രവേശിക്കുന്നു)

ധൃതരാഷ്ട്രർ - മകനേ! എവിടെയാണ് നീ?

ഗാന്ധാരി - പൊന്നുമോനേ! എവിടെയാണ് നീ?

ധൃതരാഷ്ട്രർ - ഹാ,കഷ്ടം! ഇന്നത്തെ യുദ്ധത്തിൽ എന്റെ മകൻ ചതി-പ്രയോഗത്താൽകൊല്ലപ്പെട്ടിരിക്കുന്നു എന്നറിഞ്ഞിട്ട് ഉള്ളിലുറപൊട്ടിയ കണ്ണുനീർ അന്ധനായ എന്നെ കൂടുതൽ അന്ധനാക്കുന്നു. ഗാന്ധാരീ! നീ ജീവിച്ചിരിപ്പില്ലേ?

---

1 ഗാന്ധാരിയുടെ **പുത്രക** എന്ന പ്രയോഗം മാതൃവാത്സല്യത്തെ ദ്യോതിപ്പിക്കുന്നു. അനുകമ്പായാം സംജ്ഞായാം വാ കൻ -എന്ന നിയമത്താൽ വാത്സല്യം ദ്യോതിപ്പിക്കാൻ പുത്രശബ്ദത്തോട് കൻ പ്രത്യയം ചേർത്തിരിക്കുന്നു.

2 അസ്രഃ -കണ്ണുനീർ, രക്തമെന്നും അർത്ഥം

## സംസ്കൃതം മൂലം

ഗാന്ധാരി - ജീവിതാസ്മി മന്ദഭാഗാ.

രാജാ - ഭോഃ! കഷ്ടം! യന്മമാപി സ്ത്രിയോ രുദന്തി. പൂർവം ന ജാനാമി ഗദാഭിഘാതരുജാ. കിന്തു ഇദാനീം തജ്ജാനാമ്യഹം.

ധൃതരാഷ്ട്രഃ - കഥം ന ദൃശ്യതേ? യോഹം അന്വേഷ്ടവ്യേ കാലേ പുത്രം ന പശ്യാമി. സകൃദപി ധൃതരാഷ്ട്രഃ പുത്രദത്തം നിവാപം ഭോക്തും കിം ന യോഗ്യഃ?

ഗാന്ധാരി - ജാത! സുയോധന! ദേഹി മേ പ്രതിവചനം.

ധൃതരാഷ്ട്രഃ - പുത്ര! ദുര്യോധന! അഷ്ടാദശക്ഷൗഹിണീമഹാരാജ! ക്വാസി?

രാജാ - അദ്യ[3] അസ്മി മഹാരാജഃ.

ധൃതരാഷ്ട്രഃ - പുത്രശതജ്യേഷ്ഠ! ദേഹി മേ പ്രതിവചനം.

---

## മലയാള വിവർത്തനവും വ്യാഖ്യാനവും

ഗാന്ധാരി - ഭാഗ്യംകെട്ടവളായ ഞാൻ ജീവിച്ചിരിക്കുന്നു.

രാജാ(ദുര്യോധനൻ) -ഹാ കഷ്ടം! എന്തെന്നാൽ എന്റെ സ്ത്രീകളും കരഞ്ഞു തുടങ്ങിയിരിക്കുന്നു. ഗദാപ്രഹരമേറ്റുണ്ടായ വേദന ഇതുവരെയും ഞാനറിഞ്ഞിരുന്നില്ല. എന്നാൽ ഇപ്പോൾ അതും ഞാൻ അറിഞ്ഞുതുടങ്ങിയിരിക്കുന്നു.

ധൃതരാഷ്ട്രർ - എന്തുകൊണ്ട് കാണപ്പെടുന്നില്ല?അന്വേഷിക്കപ്പെടേണ്ട സമയം എനിക്ക് മകനെ കാണാനാവുന്നില്ല. ഒരിക്കൽ പോലും ഈ ധൃതരാഷ്ട്രൻ പുത്രൻ നല്കുന്നബലിച്ചോറു-ണ്ണാൻ യോഗ്യനല്ലാതെ വരുമോ?

ഗാന്ധാരി - മകനേ! സുയോധന! എനിക്ക് മറുപടി തരൂ..

ധൃതരാഷ്ട്രർ - പുത്ര! ദുര്യോധന! പതിനെട്ട് അക്ഷൗഹിണിപ്പടയ്ക്ക് അധിപനായ മഹാരാജാവേ! നീ എവിടെ?

രാജാ(ദുര്യോധനൻ) - ഇന്നും ഞാൻ മഹാരാജാവ് തന്നെ!!

ധൃതരാഷ്ട്രർ - നൂറുമക്കളിൽ മൂത്തവനേ! എനിക്ക് മറുപടി തരൂ..

---

3 പാഠപുസ്തകത്തിൽ അദ്യ എന്നതിനു പകരം അഹം എന്നാണ് പാഠം, ഞാൻ മഹാരാജാവാകുന്നു! എന്നർത്ഥം. പതിനെട്ട് അക്ഷൗഹിണിപ്പടയും നശിച്ച് മൃതപ്രായനായിക്കിടക്കുന്ന തന്നെ മഹാരാജാവ് എന്ന് ഇപ്പൊഴും സംബോധനചെയ്യുന്നതു കേൾക്കുമ്പോഴുള്ള ആത്മനിന്ദയാണ് ഇവിടെ വിവക്ഷിതം. പാഠപുസ്തകത്തിൽ ധൃതരാഷ്ട്രരുടെ വാക്യത്തിലെ മഹാരാജ! എന്ന പദം സംബോധനയാകയാൽ വിസർഗ്ഗമില്ലാത്തരൂപമാണ് സാധു.

## സംസ്കൃതം മൂലം

രാജാ - അന്യദ് ദദാമി ഖലു വൃത്താന്തം. അനേന വൃത്താന്തേന വ്രീളിതോസ്മി.

ധൃതരാഷ്ട്രഃ - ഏഹി പുത്ര! അഭിവാദയസ്വ മാം.

രാജാ - അയമയം ആഗച്ഛാമി (ഉത്ഥാനം രൂപയിത്വാ പതതി) ഹാ,ധിക്! അയം മേ ദ്വിതീയഃ പ്രഹരഃ. കഷ്ടം ഭോ! മമ ഊരുദ്വയേന സമം ഗുരോഃപാദാഭിവന്ദനം അപി അപഹൃതം [4] ഭീമസേനേന.

ധൃതരാഷ്ട്രഃ - ക ഏഷ ഭോഃ മമ വസ്ത്രാന്തം ആകർഷയൻ മാർഗം ആദേശയതി?

ദുർജയഃ - താത! അഹം ദുർജയഃ.[5]

ധൃതരാഷ്ട്രഃ - പൗത്ര! ദുർജയ! പിതരം അന്വിച്ഛ.

ദുർജയഃ - പരിശ്രാന്തഃ ഖലു അഹം.

---

## മലയാള വിവർത്തനവും വ്യാഖ്യാനവും

രാജാ(ദുര്യോധനൻ) - കാര്യങ്ങളെ മറ്റൊരു രീതിയിൽ അറിയിക്കാം. ഈ സത്യം ഇതേപടി അറിയിക്കുന്നതിൽ ഞാനേറെ ലജ്ജിക്കുന്നു.

ധൃതരാഷ്ട്രൻ - വരൂ മകനേ! എന്നെ അഭിവാദനംചെയ്യൂ..

രാജാ(ദുര്യോധനൻ) - ഇതാ ഞാൻ വരുന്നു..

(എഴുന്നേൽക്കുന്നതായി നടിക്കുന്നു. വീണ്ടും നിലത്തുവീഴുന്നു)

ഹാ! കഷ്ടം! ഇതെനിക്കു കിട്ടിയ രണ്ടാമത്തെ പ്രഹര മാണ്. കഷ്ടം എന്റെ തുടകൾരണ്ടും തകർത്ത ഭീമസേനൻ മാതാപിതാക്കളെ എഴുന്നേറ്റ് വന്ദിക്കാനുള്ളമാർഗ്ഗവും എന്നെന്നേക്കുമായി അപഹരിച്ചിരിക്കുന്നു.

ധൃതരാഷ്ട്രൻ - ആരാണെന്റെ വസ്ത്രത്തുമ്പിൽ പിടിച്ചുവലിച്ചുകൊണ്ട് വഴികാട്ടുന്നത്?

ദുർജയൻ - പിതാവേ! ഇത് ഞാനാണ് ദുർജയൻ.

ധൃതരാഷ്ട്രൻ - പേരക്കിടാവേ! ദുർജയ! നീ അച്ഛനെ അന്വേഷിക്കൂ..

ദുർജയൻ - ഞാനേറെ തളർന്നിരിക്കുന്നു.

---

4 ഗുരുവര്യന്മാർ അടുത്തുവരുമ്പോൾ എഴുന്നേറ്റ് നമസ്കരിക്കുക എന്ന ആചാരം പാലിക്കാൻ തുട തകർന്നുപോയ എനിക്ക് സാധിക്കുന്നില്ലല്ലോ എന്ന ദുഃഖം. തുട തകർത്ത ഭീമസേനൻ തന്നെ അതോടൊപ്പം ഗുരുവന്ദനവും തകർത്തിരിക്കുന്നു.

5 ദുർജയൻ - ദുര്യോധനപുത്രൻ

## സംസ്കൃതം മൂലം

ധൃതരാഷ്ട്രഃ - ഗച്ഛ ,പിതുരങ്കേ വിശ്രമസ്വ.

ദുർജയഃ - താത! അഹം ഗച്ഛാമി. താത! കുത്രാസി?

രാജാ - അയേ! അയം അപി ആഗതഃ. സർവാവസ്ഥായാം ഹൃദയസന്നിഹിതഃ പുത്രസ്നേഹോ മാം ദഹതി.

ദുർജയഃ - അയം മഹാരാജോ ഭൂമ്യാം ഉപവിഷ്ടഃ.

രാജാ - പുത്ര! കിമർത്ഥമാഗതഃ?

ദുർജയഃ - ത്വം ചിരായസീതി. അഹമപി ഖലു തേ അങ്കേ ഉപവിശാമി. (അങ്കമാരോഹതി)

രാജാ - (നിവാര്യ) ദുർജയ! ദുർജയ! ഭോഃ കഷ്ടം.

ഹൃദയപ്രീതിജനനോ
യോ മേ നേത്രോത്സവഃ സ്വയം
സോയം കാലവിപര്യാസാത്
ചന്ദ്രോ വഹ്നിത്വമാഗതഃ[6].

---

## മലയാള വിവർത്തനവും വ്യാഖ്യാനവും

ധൃതരാഷ്ട്രൻ - പോകൂ.. അച്ഛന്റെ മടിയിൽപോയി വിശ്രമിക്കൂ..

ദുർജയൻ - മുത്തച്ഛാ! ഞാൻ പോകുന്നു.. അച്ഛൻ എവിടെയാണ്?

രാജാ(ദുര്യോധനൻ) - ഹോ! ഇതാ ഇവനും വന്നിരിക്കുന്നു. ഹൃദയത്തിൽ കുടികൊള്ളുന്ന പുത്രസ്നേഹം ഏതവസ്ഥയിലും എന്നെ ദഹിപ്പിക്കുന്നു.

ദുർജയൻ - ഇതാ മഹാരാജാവ് ഭൂമിയിലിരിക്കുന്നു.

രാജാ(ദുര്യോധനൻ) - മകനേ! എന്തിനു വന്നു?

ദുർജയൻ - അങ്ങ് വൈകുന്നതിനാൽ. ഞാൻ അവിടുത്തെ മടിയിൽ കയറിയിരിക്കട്ടെ ( ഇതും പറഞ്ഞ് മടിയിൽ കയറിയിരിക്കുന്നു)

രാജാ(ദുര്യോധനൻ) - (തടഞ്ഞുകൊണ്ട്) ദുർജയ!ദുർജയ! ഹാ കഷ്ടം!

കണ്ണിന്നാനന്ദവും ഹൃത്തിൽ
പ്രീതിയും സ്വയമേകിടും
ചന്ദ്രനാമിവനും തീയായ്
മാറീ ദുർവിധിയാലഹോ!

---

6 ഹൃദയത്തിൽ പ്രീതിയുളവാക്കുന്നവനും കണ്ണിന്ന് ആനന്ദമേകുന്നവനുമാണ് പുത്രൻ. ചന്ദ്രനും അതുപോലെ തന്നെ. അപ്രകാരം ഇതുവരെ ആഹ്ലാദംമാത്രം നല്കിപ്പോന്ന പുത്രനാകുന്ന ചന്ദ്രൻ ഇന്ന് വിധിവൈപരീത്യത്താൽ കൊടുംതാപത്തെ നല്കുന്ന ചെന്തീയായി മാറിയിരിക്കുന്നു. പുത്രനെ ചന്ദ്രനായി രൂപണം ചെയ്തിരിക്കുകയാണിവിടെ. ഛദി ആഹ്ലാദേ എന്ന ധാതുവിൽ നിന്നുണ്ടായ ചന്ദ്രൻ എന്ന ശബ്ദത്തിന് ആഹ്ലാദമേകുന്നവൻ എന്നർത്ഥം. അതാണിവിടെ ചമത്കാരജനകം.

## സംസ്കൃതം മൂലം

ദുർജയഃ - അങ്കേ ഉപവേശം കിന്നിമിത്തം ത്വം വാരയസി?
രാജാ - ത്യക്ത്വാ പരിചിതം പുത്ര!
യത്ര തത്ര ത്വയാസ്യതാം.
അദ്യ പ്രഭൃതി നാസ്തീദം
പൂർഭുക്തം തവാസനം
ദുർജയഃ - കുത്ര നു ഖലു മഹാരാജോ ഗമിഷ്യതി?
രാജാ - ഭ്രാതൃശതമനുഗച്ഛാമി
ദുർജയഃ - മാമപി തത്ര നയ
രാജാ - ഗച്ഛ പുത്ര! വൃകോദരം ബ്രൂഹി
ദുർജയഃ - ഏഹി മഹാരാജ, അന്വിഷ്യസേ.
രാജാ - പുത്ര! കേന?
ദുർജയഃ - ആര്യം[7] ആര്യേണ സർവേണാന്തഃപുരേണ ച.
രാജാ - ഗച്ഛ പുത്ര! നാഹമാഗന്തും സമർത്ഥഃ.

---

## മലയാള വിവർത്തനവും വ്യാഖ്യാനവും

ദുർജയൻ - മടിയിൽക്കയറിയിക്കുന്നതിനെ അങ്ങ് തടയുന്നതെന്തേ?
രാജാ(ദുര്യോധനൻ) - ഇന്നേവരേയ്ക്കും പ്രിയപുത്ര! നീയും
കടന്നിരുന്നീടിനൊരങ്കമേതോ
അ,തിന്നുതൊട്ടി,ല്ലിനിമേൽ നിനക്കു-
പ്പറ്റുന്നിടത്തൊക്കയിരുന്നു കൊൾക.
ദുർജയൻ - മഹാരാജാവേ! എങ്ങോട്ടാണ് അങ്ങ് പോകുന്നത്?
രാജാ(ദുര്യോധനൻ) - നൂറ്സഹോദരന്മാരും പോയിടത്തേക്ക് ഞാനും പോകുകയാണ്.
ദുർജയൻ - എന്നേയും അവിടേക്ക് കൊണ്ടുപോകൂ..
രാജാ(ദുര്യോധനൻ) - മകനേ! നീ പോയി ഭീമസേനനോട് പറയൂ.
ദുർജയൻ - വരൂ മഹാരാജാവേ! അങ്ങയെ അന്വേഷിക്കുന്നുണ്ട്
രാജാ(ദുര്യോധനൻ) -മകനേ! ആരാണന്വേഷിക്കുന്നത്?
ദുർജയൻ - അങ്ങയെ ആര്യനും (മുത്തച്ഛനും) എല്ലാ അന്തഃപുരസ്ത്രീകളും
രാജാ(ദുര്യോധനൻ) -മകനേ! പോകൂ.. നിന്റെകൂടെ വരാൻ എനിക്കാവില്ല.

---

7 ആര്യയാ ആര്യേണ സർവേണാന്തഃപുരേണ ച -എന്ന പാഠമനുസരിച്ച്, ആര്യയാലും (ഗാന്ധാരിയാലും) ആര്യനാലും (ധൃതരാഷ്ട്രനാലും) മറ്റാ അന്തഃപുരസ്ത്രീകളാലും എന്നും അർത്ഥം വരും.

## സംസ്കൃതം മൂലം

ദുർജയഃ - അഹം ത്വാം നേഷ്യാമി.
രാജാ - ബാലസ്ത്വമസി പുത്ര!
ദുർജയഃ - (പരിക്രമ്യ:) ആര്യാഃ അയം മഹാരാജഃ.
ഗാന്ധാരീ - കുത്ര മേ പുത്രകഃ? ജാത! ദുര്യോധന! പരിശ്രാന്തോസി. കിമിതി സമാശ്വാസയാമി?
രാജാ - മാതഃ! വിജ്ഞാപയാമ്യത്ര ഭവതീം.
ഗാന്ധാരീ - ഭണ ജാത!
രാജാ - നമസ്കൃത്യ വദാമി ത്വാം
യദി പുണ്യം മയാ കൃതം
അന്യസ്യാമപി ജാത്യാം മേ
ത്വമേവ ജനനീ ഭവ!
ഗാന്ധാരീ - മമ മനോരഥഃ ഖലു ത്വയാ ഭണിതഃ (ഇതി മൂർച്ഛതി).

## മലയാള വിവർത്തനവും വ്യാഖ്യാനവും

ദുർജയൻ - അങ്ങയെ ഞാൻ കൊണ്ടുപോകാം
രാജാ(ദുര്യോധനൻ) - മകനേ! നീ കുഞ്ഞാണ്.
ദുർജയൻ - (ചുറ്റിനടന്നിട്ട്)പ്രിയപ്പെട്ടവരേ! മഹാരാജാവിവിടെയിതാ
ഗാന്ധാരി - എവിടെയെന്റെ പൊന്നുമോൻ? മകനേ! ദുര്യോധനാ! നീ തളർന്നിരിക്കുന്നല്ലോ? നിന്നെ ഞാനെങ്ങിനെ ആശ്വസിപ്പിക്കും?
രാജാ(ദുര്യോധനൻ) - അമ്മേ! ഞാൻ അമ്മയെ അറിയിക്കട്ടെ
ഗാന്ധാരി - പറയൂ മകനേ!
രാജാ(ദുര്യോധനൻ) - നിന്നെ വന്ദിച്ചു ചൊല്ലുന്നേൻ
പുണ്യം ഞാൻ ചെയ്തുവെങ്കിലോ
നീ തന്നെ അമ്മയാകേണം
ജന്മജന്മാന്തരത്തിലും.
ഗാന്ധാരി - എന്റെ ഹൃദയം തന്നെയാണ് നീ പറഞ്ഞത്
(ഇത്രയും പറഞ്ഞ് മോഹാലസ്യപ്പെട്ട് വീഴുന്നു).

** ** ** ** ** ** ** **

**ഹരിപ്രസാദ്, വി.ടി.കടമ്പൂര്.**